**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 305** **17-03-2025 - ൽ മറുപടിയ്ക്ക്**

**ലഹരിയുടെ സ്വാധീനത്തിൽ നടത്തുന്ന അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരിയുടെ അമിതോപയോഗംമൂലം യുവാക്കൾ നടത്തുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | യുവാക്കളിൽ വർദ്ധിച്ചുവരുന്ന അക്രമണോത്സുകതയ്ക്ക് വിവിധ കാരണങ്ങളുണ്ട്. ലഹരിയുടെ ഉപയോഗം ഇതിനൊരു കാരണമാണ്. ഇതിന്റെ കേരളത്തിലേക്കുള്ള കടന്നുവരവിനെ പോലീസും, എക്സൈസ് വകുപ്പും കർക്കശമായി തടയുന്നുണ്ട്. മയക്കുമരുന്ന് വിൽപ്പനയും, ഉപയോഗവും തടയുന്നതിനായി കർമ്മ പദ്ധതികൾ പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ലഹരിയുടെ അമിതോപയോഗംമൂലം യുവാക്കൾ ഉണ്ടാക്കുന്ന ക്രമസമാധാന പ്രശ്നം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരി ഉപയോഗിച്ച ശേഷം കുറ്റകൃത്യങ്ങളിൽ പങ്കാളിയാകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ ലഹരിക്ക് അടിമപ്പെട്ട യുവാക്കളെയും മറ്റും കണ്ടെത്തി ലഹരി വിമുക്തി കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ കൗൺസിലിംഗും, ചികിത്സയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിലും, കൗൺസിലിംഗ് സെന്ററുകളിലും ലഹരിയ്ക്ക് അടിമപ്പെട്ട് ചികിത്സയ്ക്കായി എത്തുന്ന ആളുകളിലും എക്സൈസ് വകുപ്പ് കണ്ടെത്തുന്ന എൻ.ഡി.പി.എസ്. കേസുകളിലെ പ്രതികളിലും ഉൾപ്പെടെ പത്ത് വയസ്സിനും 19 വയസ്സിനുമിടയിൽ പ്രായമുള്ളവർക്കിടയിൽ 'An analysis of the cause and consequences of drug addiction and illegal drug trafficking among adolescence എന്ന പേരിലും, ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ നേരിടുന്നതിന് സർക്കാർ നടപ്പാക്കിയ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തുന്നതിനും, ലഹരിയുടെ ഉറവിടം, വ്യാപനം, സമൂഹത്തിൽ ലഹരി |

| | | | |
|---|---|---|---|
| | | | വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൂഷ്യഫലങ്ങളുടെ സ്ഥിതി വിവരങ്ങൾ എന്നിവ വിലയിരുത്തുന്നതിനും ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുന്നതിലേയ്ക്കുമായി Public Opinion on Substance Abuse എന്ന പേരിലും എക്സൈസ് വകുപ്പ്, വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ സർവ്വെ നടത്തിയിട്ടുള്ളതാണ്. |
| (സി) | ലഹരി ഉപയോഗം മൂലമുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിനായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ഇക്കാര്യം അതീവ ഗുരുതരമായ ഒരു വിഷയമായാണ് സർക്കാർ കാണുന്നത്. ഒറ്റപ്പെട്ടതെങ്കിലും ഗൗരവമേറിയ ഇത്തരം അക്രമസംഭവങ്ങൾ തടയുന്നതിനുള്ള എല്ലാ നിയമനടപടികളും സർക്കാർ കൈക്കൊണ്ടു വരുന്നു. അതോടൊപ്പം കുട്ടികളുടെ അക്രമവാസന പടരുന്നതിനെക്കുറിച്ച് ഐക്യരാഷ്ട്ര സഭ പോലും ഉത്കണ്ഠ രേഖപ്പെടുത്തിയിട്ടുള്ള ഈ ഘട്ടത്തിൽ നമ്മുടെ കുട്ടികളുടെ ജീവിത സാഹചര്യങ്ങളും വിലയിരുത്തപ്പെടണം.<br><br>അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം.<br><br>വീട്ടിലെ മുറി എന്ന പെട്ടിയിൽ നിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേക്കും അതിൽ നിന്നു ക്ലാസ്മുറി എന്ന പെട്ടിയിലേക്കും കൈമാറ്റം ചെയ്യപ്പെടുന്ന ബാല്യം ഒരു ഡിജിറ്റൽ ലോകത്തേക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷൻ ആവുന്നു. അതിൽ നിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു.<br><br>അധ്യാപകനും വിദ്യാർത്ഥിയും തമ്മിലും രക്ഷ കർത്താക്കളും കുട്ടികളും തമ്മിലുമുള്ള ബന്ധത്തിൽ വരുന്ന മാറ്റങ്ങൾ അങ്ങനെ കാരണങ്ങൾ പലതുണ്ട്.<br><br>മയക്കുമരുന്ന് തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ചുനീക്കുക തന്നെ വേണം. കക്ഷിരാഷ്ട്രീയഭേദമില്ലാത്ത ഒരുമയാണിവിടെ ആവശ്യം.<br><br>സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള ക്യാമ്പസിനു മാത്രമേ അരാജക പ്രവണതകളെ തടയാനാവുകയുള്ളൂ. അതിന് ക്യാമ്പസ്സുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്തുതന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർത്ഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട്, ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര വിഷയങ്ങളിലെ പങ്കാളിത്തത്തിനും നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയും.<br><br>എല്ലാവരും ഈ വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈ എടുക്കും.<br><br>ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർത്ഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി തയ്യാറാക്കും. |

സെക്ഷൻ ഓഫീസർ